പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1783

31.01.2018 ൽ മറുപടിയ്ക്ക്

സ്റ്റേറ്റ് ഇൻസ്റ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ്

ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി

ഉത്തരം

ഡോ. കെ. ടി. ജലീൽ
(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

എ) കൊട്ടാരക്കര ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റിനെ (SIRD)' കില' യുമായി സംയോജിപ്പിക്കുന്നതിനിടയായ സാഹചര്യം എന്തായിരുന്നു ;

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിവിധ പരിശീലന സ്ഥാപനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും അവലോകനം ചെയ്തുകൊണ്ടുള്ള പഠനം നടത്തിയപ്പോൾ ടി സ്ഥാപനങ്ങളുടെ വിഷയമേഖലകളും പരിശീലനങ്ങളും മറ്റു പ്രവർത്തനങ്ങളും സമാനമാണ് എന്ന് വ്യക്തമാകുകയും ലഭ്യമായ വിഭവങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കാനും പരിശീലനങ്ങളിലും ഗവേഷണ പ്രവർത്തനങ്ങളിലും മെച്ചപ്പെട്ട ഫലപ്രാപ്തി നേടുവാനും ടി സ്ഥാപനങ്ങൾ സംയോജിപ്പിക്കുന്നത് ആവശ്യമാണെന്ന് കണ്ടെത്തിയതിന്റെയും അടിസ്ഥാനത്തിൽ 2016 ജൂൺ 24-ാം തീയതി നടന്ന ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ എസ്.ഐ.ആർ.ഡി.യെ കിലയിൽ സംയോജിപ്പിച്ച് പ്രാദേശിക ഭരണത്തിലും പഞ്ചായത്ത് രാജിലും ദേശീയ തലത്തിലുള്ള മികവിന്റെ കേന്ദ്രമായി മാറ്റുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൻ പ്രകാരം 29.11.2016 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 184/2016/തസ്വഭവ പ്രകാരം കൊട്ടാരക്കരയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപമെന്റ് (എസ്.ഐ.ആർ.ഡി) യെ കിലയിൽ ലയിപ്പിക്കാൻ തത്വത്തിൽ അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

ബി) സംയോജനത്തിനുശേഷം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായി എന്നു വിശദമാക്കമോ?

ബി) സംയോജനത്തിനുശേഷം 27.12.2016 ലെ സ.ഉ.(സാധാ) നം.3522/2016/തസ്വഭവ പ്രകാരം മുൻ എസ്.ഐ.ആർ.ഡി.യെ കില സെന്റർ ഫോർ ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് (KILA-CHRD) എന്ന് പുനർനാമകരണം ചെയ്യുകയും ഡയറക്ടർ തസ്തിക റീജിയണൽ ഡയറക്ടർ എന്നാക്കി മാറ്റിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. സംയോജിത കിലയുടെ ഭരണ സംവിധാനത്തിൽ പുതിയ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി ഏകീകൃത പരിശീലന കലണ്ടർ തയ്യാറാക്കി, പരിശീലനം ആരംഭിക്കുകയും അതോടൊപ്പം തന്നെ ഏകീകൃത റിസർച്ചുകളും പരിശീലനങ്ങളും നടന്നു വരുന്നു. സംയോജിത കിലയുടെ പുതിയ 17 അംഗ ഗവേണിംഗ് കൗൺസിലും (G.C) 7 അംഗ എക്സിക്യൂട്ടീവ് കൗൺസിലും (E.C) രൂപീകൃതമായി. ഈ സംയോജനത്തിന്റെ ഭാഗമായി ഏകീകൃത ഭരണ സംവിധാനം നിലവിൽ വരുകയും അതിനനുസൃതമായി സാമ്പത്തിക മാനേജ്മെന്റ് കാര്യങ്ങൾ ഏകീകരിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ